പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1585 22.03.2013 - ൽ മറുപടിയ്ക്ക്

**കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി**

ചോദ്യം
ശ്രീമതി കെ.എസ്. സലീഖ

ഉത്തരം
**ഡോ. എം.കെ. മുനീർ**
( ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാർ രൂപം നൽകിയ സാമൂഹ്യക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള ശ്രുതി തരംഗം എന്ന കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി പ്രകാരം നാളിതുവരെ എത്ര കുട്ടികളെ സർജറിക്ക് വിധേയരാക്കുകയുണ്ടായി ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (എ) | കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി പ്രകാരം ഇതുവരെ 142 കുട്ടികൾക്ക് സർജറി നടത്തി കഴിഞ്ഞു. സർജറി പൂർത്തിയാക്കിയ കുട്ടികളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | സർജറി നടത്തിയ കുട്ടികളുടെഎണ്ണം |
|---|---|---|
| 01 | എറണാകുളം | 17 |
| 02 | മലപ്പുറം | 16 |
| 03 | പാലക്കാട് | 07 |
| 04 | കണ്ണൂർ | 13 |
| 05 | തൃശ്ശൂർ | 17 |
| 06 | കോഴിക്കോട് | 16 |
| 07 | തിരുവനന്തപുരം | 12 |
| 08 | കാസർഗോഡ് | 04 |
| 09 | ആലപ്പുഴ | 13 |
| 10 | കോട്ടയം | 12 |
| 11 | ഇടുക്കി | 06 |
| 12 | വയനാട് | 03 |
| 13 | കൊല്ലം | 03 |
| 14 | പത്തനംതിട്ട | 03 |
| | | 142 |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി സംസ്ഥാനത്ത് ഏതൊക്കെ സർക്കാർ/സ്വകാര്യ ആശുപത്രികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത് ; വിശദമാക്കുമോ ; | (ബി) | പ്രസ്തുത പദ്ധതി ചുവടെപ്പറയുന്ന എംപാനൽ ചെയ്യപ്പെട്ട സർക്കാർ/ സ്വകാര്യ ആശുപത്രികളിലൂടെയാണ് നടപ്പിലാക്കി വരുന്നത്. |

1. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം
2. സാന്ത്വന ആശുപത്രി, തിരുവനന്തപുരം
3. കിംസ് ആശുപത്രി, തിരുവനന്തപുരം
4. ഡോ. നൗഷാദ്സ് ഇ.എൻ.റ്റി. ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് റിസർച്ച് സെന്റർ, എറണാകുളം
5. മെഡിക്കൽ ട്രസ്റ്റ് ആശുപത്രി, എറണാകുളം
6. വെസ്റ്റ് ഫോർട്ട് ഹൈടെക് ആശുപത്രി, തൃശ്ശൂർ
7. അൽഷിഫ ആശുപത്രി, പെരിന്തൽമണ്ണ
8. ഡോ. മനോജ്സ് സൂപ്പർ സ്പെഷ്യാലിറ്റി ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്റർ, കോഴിക്കോട്

| | | | |
|---|---|---|---|
| | | | 9. മിംമ്സ് ആശുപത്രി, കോഴിക്കോട്<br>10. ഗവ. മെഡിക്കൽകോളേജ് ആശുപത്രി, കോഴിക്കോട് |
| (സി) | പ്രസ്തുത പദ്ധതി മുഖേന നാളിതുവരെ എത്ര തുക ഇതിനകം ചെലവഴിച്ചു ; | (സി) | പ്രസ്തുത പദ്ധതിയ്ക്കായി ഇതുവരെ 6,66,59,024/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിക്ക് എപ്രകാരം തുക സമാഹരിച്ചു വരുന്നു ; വിശദമാക്കുമോ ; | (ഡി) | ബഡ്ജറ്റ് വിഹിതമായി 6 കോടി രൂപയും കൂടാതെ വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള സംഭാവനയിനത്തിൽ ഫണ്ട് സമാഹരിച്ച് കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ കോർപ്പസ് ഫണ്ടിൽ ചേർത്ത് പ്രസ്തുത ഫണ്ടിൽ നിന്നും തുക ചെലവഴിയ്ക്കുന്നു. |
| (ഇ) | പ്രസ്തുത പദ്ധതി പ്രകാരം ശസ്ത്രക്രിയ നടത്തുന്ന കുട്ടികൾക്കുള്ള തുടർചികിത്സ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ; | (ഇ) | കോക്ലീയാർ ഇംപ്ലാന്റേഷൻ സർജറി നടത്തിയ കുട്ടികൾക്ക് രണ്ട് വർഷം നീണ്ടു നിൽക്കുന്ന ആഡിയോ വെർബൽ ഹബിലിറ്റേഷനുള്ള സൗകര്യവും ബന്ധപ്പെട്ട ആശുപത്രികളിൽ ഒരുക്കിയിട്ടുണ്ട്. ടി ആശുപത്രികളിൽ വിദഗ്ദ്ധരായ ഓഡിയോളജിസ്റ്റുകളുടേയും സ്പീച്ച് തെറാപ്പിസ്റ്റിന്റേയും ഡോക്ടർമാരുടേയും സേവനം ലഭ്യമാണ്. |
| (എഫ്) | ജന്മനാ ബധിരരായ 5 വയസ്സ് വരെ പ്രായമുള്ള എത്ര കുട്ടികൾ സംസ്ഥാനത്തുണ്ടെന്നാണ് മനസ്സിലാക്കിയിട്ടുള്ളത് ; ഇതിൽ ഈ വർഷം എത്ര കുട്ടികൾക്ക് കൂടി പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സാധിക്കുമെന്ന് സർക്കാർ കണക്കുകൂട്ടുന്നു ; വിശദമാക്കുമോ ? | (എഫ്) | ജന്മനാ ബധിരരായ 5 വയസ്സുവരെ പ്രായമുള്ള കുട്ടികളുടെ കണക്ക് ശേഖരിച്ചിട്ടില്ല. പ്രതിവർഷം 200 സർജറികൾ നടത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ആയതിൽ 142 സർജറികൾ എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിലൂടെ പൂർത്തീകരിച്ചിട്ടുണ്ട്. 31.03.2013 ന് മുമ്പ് 58 കുട്ടികളുടെ സർജറി നടത്തുന്നതിനുള്ള അലോട്ട്മെന്റ് ബന്ധപ്പെട്ട ആശുപത്രി അധികൃതർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ